₹ 5/-

# റിയൽ ലൈഫ് വോയ്സ്

# R E A L L I F E V O I C E

Monthly

Volume 11
Issue 11

**May 2023**

pages 24

"എന്റെ ബലവും എന്റെ ഗീതവും യഹോവ യത്രേ; അവൻ എനിക്കു രക്ഷയായിത്തീർന്നു. അവൻ എന്റെ ദൈവം; ഞാൻ അവനെ സ്തുതിക്കും; അവൻ എന്റെ പിതാവിൻ ദൈവം; ഞാൻ അവനെ പുകഴ്ത്തും. യഹോവ യുദ്ധവീരൻ; യഹോവ എന്നു അവന്റെ നാമം"

(പുറപ്പാട് 15:2,3)

REAL LIFE VOICE

KOTTEKAD, KUTTUR P.O.,
THRISSUR, KERALA - 680 013

| Since 2012 | REAL LIFE VOICE | No. 137 |
|---|---|---|

Volume 11 Issue 11 May 2023 pages 24 Rs.5/



**Editor:**
Sebastian M.V.
Ph: 95 44 557 557

**DTP:**
Sebastian M.V.

**Published at:**
Real Life,
Mamparampil House,
Kottekad, Kuttur P.O.,
Thrissur - 680 013



**Annual Subscription:**
Rs.60/-


**താത്പര്യമുള്ളവർക്ക് വരിസംഖ്യയോ സംഭാവനയോ Google Pay/PhonePe ചെയ്യാം. അല്ലെങ്കിൽ ബാങ്കിലേക്ക് നേരിട്ട് ട്രാൻസ്ഫർ ചെയ്യാം. ദയവായി മണി ഓർഡർ അയയ്ക്കരുത്**

*Bank:*
State Bank of India
*Branch:*
Punnamparambu
*IFS Code:*
SBIN0070342
*A/c No.:*
40447607951
*Name:*
Sebastian M V


**Email:**
reallifekottekad@gmail.com

**Website:**
www.reallifevoice.in


**Book No. 137**

## ഉള്ളടക്കം


| | പേജ് |
|---|---|
| • ആൾക്കൂട്ട വിചാരണ | 3 |
| • പ്രതികരണങ്ങൾ | 6 |
| • ദൈവത്തിന്റെ വിശ്വസ്തത (13) | 8 |
| • റോമർ 16 ലെ ദൈവമക്കൾ (10) | 11 |
| • ഹബക്കൂക് (15) | 14 |
| • ഏകനായി വന്നവൻ (ചെറുകഥ) | 16 |
| • ...ദുരന്തക്കാഴ്ചകൾ (64) | 19 |
| • ബൈനോക്കുലർ (20) | 21 |
| • ജീവൻ കവർന്ന മൊബൈൽ | 24 |


ഈ മാസികയുടെ ലക്ഷ്യം:
**സഭ, സമൂഹം എന്നിവയെക്കുറിച്ചുള്ള അഭിപ്രായപ്രകടനവും വചനപഠനവും**

## എഡിറ്റോറിയൽ



# ആൾക്കൂട്ട വിചാരണ

അട്ടപ്പാടിയിലെ, മാനസികവെല്ലുവിളി അനുഭവിച്ചിരുന്ന മധു എന്ന യുവാവ് ആൾക്കൂട്ടമർദ്ദനത്തെ തുടർന്ന് കൊല്ലപ്പെട്ടതും, അതിന് കാരണക്കാരായവരെ കോടതി ശിക്ഷിച്ചതും ഈയിടെയാണ്. കാട്ടിലൊരു ഗുഹയിൽ കഴിഞ്ഞിരുന്ന മധുവിനെ മോഷണക്കുറ്റം ആരോപിച്ചാണ് ചിലർ പിടികൂടിയത്. ആവശ്യത്തിലധികം ഭക്ഷണം ശരീരത്തിൽ ചെന്നതിന്റെ ഫലമായുള്ള കൊഴുപ്പോ വണ്ണമോ ഇല്ലാത്ത, വേണ്ടത്ര ആരോഗ്യം പോലുമില്ലാത്ത, ആ മുപ്പതുകാരനെ ആൾക്കൂട്ടം മർദ്ദിക്കുകയും അതിന്റെ വീഡിയോ അഭിമാനത്തോടെ പ്രചരിപ്പിക്കുകയും ചെയ്തു. സ്വന്തം ഉടുമുണ്ടുകൊണ്ട് മധുവിനെ കെട്ടിയിട്ട് നിർത്തിയ ഫോട്ടോ, ആൾക്കൂട്ടമർദ്ദനത്തിന് ഇരയായിത്തീരുന്നവരുടെ പ്രതീകമായി മാറുകയും ചെയ്തു.

കൈക്കൂലി വാങ്ങുന്ന ഉദ്യോഗസ്ഥവൃന്ദത്തെ ബഹുമാനത്തോടെ കാണുന്നവർ... അഴിമതി നടത്തിയും നികുതി കൂട്ടിയും പിഴ ഈടാക്കിയും ജനത്തെ വലയ്ക്കുന്ന ഭരണാധികാരികളെ ആദരവോടെ കാണുന്നവർ... അവർക്ക് മധുവിനോട് പക്ഷേ ക്ഷമിക്കുവാൻ കഴിഞ്ഞില്ല. അവൻ മോഷ്ടിച്ചിട്ടുണ്ടെങ്കിൽ തന്നെ അത് സ്വന്തം വിശപ്പകറ്റാൻ മാത്രമുള്ളതായിരുന്നു; അല്ലാതെ വൻകൊള്ളക്കാരായ ഉദ്യോഗസ്ഥവൃന്ദം പോലെയോ അധികാരവർഗ്ഗം പോലെയോ അല്ലായിരുന്നു. എന്നിട്ടും, ശാരീരികമായും മാനസികമായും ബലഹീനനായ ആ സാധുവിനെ, തിന്നുകൊഴുത്ത് ബലിഷ്ഠരായ ചിലർ അടിക്കുകയും ചവിട്ടുകയും പിടിച്ചുതള്ളുകയും കെട്ടിയിട്ട് തല്ലുകയും ചെയ്തു.

ആ വീഡിയോകൾ നാം ശ്രദ്ധിച്ചാൽ ആ പാവം കരയുകയോ, തല്ലല്ലേ എന്നു നിലവിളിക്കുകയോ ചെയ്യുന്നതായി കാണുന്നില്ല. അതിനുപോലുമുള്ള മാനസികനില മധുവിനില്ലായിരുന്നു. വാരിയെല്ലിൽ പൊട്ടൽ വീണിരുന്നു; എന്നിട്ടും ആ വേദന സഹിച്ച് എല്ലാവരെയും നിഷ്കളങ്കമായി നോക്കുന്ന ആ മുഖത്ത് വ്യാപിച്ചിരുന്ന ദൈന്യത കാണുവാൻ ആൾക്കൂട്ടത്തിന് കഴിഞ്ഞില്ല. പോലീസിന് കൈമാറുമ്പോൾ മധു തീർത്തും അവശനായിരുന്നു. താമസിയാതെ, പെരുങ്കള്ളന്മാർ തലയുയർത്തി നടക്കുന്ന ഈ

ലോകത്തിൽനിന്ന് ആ സാധു വിടവാങ്ങി. ആരോടും പരിഭവം ഇല്ലാതെ... ആരോടും പരാതി പറയാതെ... അല്ലെങ്കിൽത്തന്നെ പരിഭവം കാണിക്കുന്നതും പരാതി പറയുന്നതും എങ്ങനെയെന്ന്പോലും അവനറിയില്ലായിരുന്നു എന്നതാണ് വാസ്തവം. മനസ്സിന്റെ താളം തെറ്റിയ കൂട്ടത്തിൽ അതെല്ലാം അവൻ മറന്നുപോയിരിക്കണം.

2018 ഫെബ്രുവരി 22 നാണ് അത്യന്തം ദാരുണമായ ഈ സംഭവം നമ്മുടെ കേരളത്തിൽ അരങ്ങേറിയത്. അവിടന്നങ്ങോട്ട് കേരളജനത മനഃസമാധാനം എന്തെന്ന് അറിഞ്ഞിട്ടില്ല എന്ന് പറയത്തക്കവിധം കാര്യങ്ങൾ മാറിമറിഞ്ഞത് യാദൃശ്ചികമായിരിക്കാം. പ്രളയം, ഉരുൾപ്പൊട്ടൽ, മഹാമാരി... ഇതെല്ലാം യാദൃശ്ചികം (coincidence) മാത്രമാണെങ്കിലും അവയെല്ലാം മധുവിന്റെ കൊലപാതകത്തിന്റെ ശാപമായി വന്നുഭവിച്ചതാണ് എന്നു വ്യാഖ്യാനിച്ചവർ ഉണ്ട്. അത്രയധികം മനുഷ്യമനഃസ്സാക്ഷിയെ പിടിച്ചുകുലുക്കിയിരുന്നു ആ കൊലപാതകം.

മധുവിനെക്കുറിച്ചും അവന്റെ ദാരുണമരണത്തെക്കുറിച്ചുമുള്ള ചർച്ചകളേക്കാൾ നമുക്കാവശ്യം അതിന് കാരണമായ ആൾക്കൂട്ടവിചാരണ എന്ന സാമൂഹ്യവിപത്തിനെ എങ്ങനെ തുടച്ചുനീക്കാം എന്നുള്ളതാണ്. പശുവിനെ കടത്തി എന്നതിന്റെ പേരിലും ഇതരമതസ്ഥൻ തങ്ങളുടെ ആരാധനാലയത്തിൽ കടന്നു എന്നതിന്റെ പേരിലും ആൾക്കൂട്ടവിചാരണയും തുടർന്ന് കൊലപാതകവും നടക്കുന്ന നാടായി മാറിയിരിക്കുന്നു നമ്മുടെ ഇന്ത്യ. 2018-ൽ ആൾക്കൂട്ടവിചാരണയെത്തുടർന്ന് മധു കൊല്ലപ്പെട്ടതിനുശേഷം ഇക്കഴിഞ്ഞ അഞ്ചുവർഷത്തിനുള്ളിൽ കേരളത്തിൽ മറ്റൊരു മധു കൊല്ലപ്പെട്ടിട്ടില്ല എന്നതിൽ നമുക്ക് ആശ്വസിക്കാം, അഭിമാനിക്കാം.

പക്ഷേ വടക്കേഇന്ത്യയുടെ സ്ഥിതി അതല്ല. ആൾക്കൂട്ടവിചാരണയും കൊലപാതകവും തുടർക്കഥയായി മാറിയിരിക്കുന്നു. പശുവിന്റെ പേരിൽ പിന്നെയും പിന്നെയും ആൾക്കൂട്ടവിചാരണ നടക്കുന്നു. നിയമവും നിയമപാലകരും അധികാരിവർഗ്ഗവും വെറും നോക്കുകുത്തികളായി മാറിയിരിക്കുന്നുവോ! ബലഹീനരും ന്യൂനപക്ഷക്കാരും ജാതിവ്യവസ്ഥപ്രകാരം താഴേക്കിടയിലുള്ളവരും ഒക്കെയാണ് പലപ്പോഴും ആൾക്കൂട്ടവിചാരണയുടെ കയ്പുനീരും കണ്ണുനീരും മോന്തിക്കുടിക്കേണ്ടിവരുന്നത്. ഈ ആൾക്കൂട്ടവിചാരണ എന്ന ദുഷ്ടതയെ നീക്കം ചെയ്യാൻ നമ്മുടെ ഭരണവർഗ്ഗത്തിനും പോലീസിനും കോടതിക്കും കഴിയില്ലെന്നോ!

ആൾക്കൂട്ടവിചാരണയുടെ മറ്റൊരു മുഖവും കൂടി ഇവിടെ തുറന്നുകാണിക്കേണ്ടതുണ്ട്. സുവിശേഷപ്രവർത്തകർക്കു നേരെയുള്ള സംഘടിത അക്രമങ്ങളാണവ. സുവിശേഷം അറിയിക്കുന്നവരെ സംഘം ചേർന്ന് ഭീഷ

ണിപ്പെടുത്തുകയും മർദ്ദിക്കുകയും, മതസൗഹാർദ്ദം തകർത്തു എന്നാരോപിച്ച് ജയിലിൽ അടയ്ക്കുകയും ചെയ്യുന്നു. ആൾക്കൂട്ടം പറയുന്നതനുസരിച്ച് പോലീസ് പെരുമാറുകയും ചെയ്യുന്നു.

സുവിശേഷപ്രവർത്തകർക്കു നേരെ അലറിയടുക്കുന്ന ആൾക്കൂട്ടമാണ് മതസൗഹാർദ്ദം ശരിക്കും തകർക്കുന്നത് എന്നതാണ് വാസ്തവം. ഈ കൊച്ചുകേരളത്തിൽവരെ സുവിശേഷപ്രവർത്തകർ കയ്യേറ്റം ചെയ്യപ്പെടുന്ന സംഭവങ്ങൾ ഉണ്ടായി. സുവിശേഷം അറിയിക്കാനുള്ള സ്വാതന്ത്ര്യം ഉള്ള നാട്ടിലാണ് ഇതെല്ലാം സംഭവിക്കുന്നത്. വോട്ട്ബാങ്ക് നോക്കുമ്പോൾ കനം കൂടുതലുള്ളത് അക്രമികളുടെ ഭാഗത്തായതിനാൽ രാഷ്ട്രീയക്കാർ ഇത്തരം അനീതികൾ കണ്ടില്ലെന്നു നടിക്കുന്നു. അവർക്ക് വോട്ടാണ് മുഖ്യം.

ആൾക്കൂട്ടവിചാരണയുടെ മറ്റൊരു മുഖം കാണുന്നത് ക്യാമ്പസുകളിലാണ്. തങ്ങളുടെ ഗ്രൂപ്പിൽപെട്ട ഏതെങ്കിലും കുട്ടിയുടെ നേരെ പ്രിൻസിപ്പൽ നടപടിയെടുത്താൽ ആ പ്രിൻസിപ്പലിനെ സംഘം ചേർന്ന് തടഞ്ഞുവയ്ക്കുകയും പൂട്ടിയിടുകയും ഭീഷണിപ്പെടുത്തുകയും ചെയ്യുന്നു. നിസ്സഹായനായ പ്രിൻസിപ്പൽ ആ ഭീഷണികൾക്ക് മുന്നിൽ തലകുനിക്കുകയും ചെയ്യുന്നു. (തന്തക്കു പിറന്ന ചില പ്രിൻസിപ്പലുമാർ നട്ടെല്ല് ഉയർത്തിത്തന്നെ നിൽക്കുകയും കുട്ടിരാഷ്ട്രീയക്കാരുടെ ഭീഷണിക്കു മുന്നിൽ തെല്ലും വഴങ്ങാതെ നിലകൊള്ളുകയും ചെയ്യുന്ന കൺകുളിർപ്പിക്കുന്ന കാഴ്ചകളുമുണ്ട് എന്ന കാര്യവും മറക്കുന്നില്ല).

ആൾക്കൂട്ടത്തിന്റെ അലറിവിളികളുടെ അടിസ്ഥാനത്തിലല്ല ശിക്ഷ വിധിക്കപ്പെടേണ്ടത്. പീലാത്തോസ് യേശുവിന് ശിക്ഷ വിധിച്ചത് ആൾക്കൂട്ടത്തിന്റെ ആക്രോശത്തെ തുടർന്നാണ്. ഞാൻ ഇവനിൽ ഒരു കുറ്റവും കാണുന്നില്ല എന്നു പീലാത്തോസ് വിധി പറഞ്ഞുവെങ്കിലും ആൾക്കൂട്ടത്തെ ഭയന്ന് അവർക്കനുകൂലമായി വിധി മാറ്റിപ്പറയുകയും യേശുവിനെ കൊല്ലാൻ ഉത്തരവിടുകയും ചെയ്തു. ആൾക്കൂട്ടത്തിന്റെ ശക്തി! ഇത്തരം ആൾക്കൂട്ടങ്ങൾ എത്രയോ നിരപരാധികളെ ഇല്ലാതാക്കിയിരിക്കുന്നു.

ആൾക്കൂട്ടം പലപ്പോഴും നല്ലതിലേക്ക് പ്രയോജനപ്പെടുന്നില്ല എന്നതാണ് സങ്കടകരമായ കാര്യം. റോഡിൽ ഒരു അപകടം നടന്നാൽ പലപ്പോഴും ആൾക്കൂട്ടം വെറും കാഴ്ചക്കാർ മാത്രമാകുന്നു. ഒരു സ്ത്രീയെ ഇലക്ട്രിക്തൂണിൽ കെട്ടിയിട്ട് മർദ്ദിച്ച സംഭവം നമ്മുടെ രാജ്യത്തുണ്ടായി. അവളെ രക്ഷിക്കാനോ കെട്ടഴിച്ചുവിടാനോ ഒരു ആൾക്കൂട്ടവും ഉണ്ടായില്ല. ആൾക്കൂട്ടവും ആൾക്കൂട്ടവിചാരണയുമെല്ലാം തിന്മയുടെ അഴിഞ്ഞാട്ടത്തിലേക്ക് മാത്രമേ വഴി തെളിയിക്കുന്നുള്ളൂവെന്നോ!

**(എംവിഎസ്)**

# പ്രതികരണങ്ങൾ

**നിങ്ങളുടെ പ്രതികരണങ്ങൾ sms ആയോ, email ആയോ WhatsApp ആയോ അറിയിക്കുക. ഫോണിലൂടെ വിളിച്ചറിയിക്കാം. WhatsApp ൽ വോയ്സ്മെസേജ് ആയും അറിയിക്കാം. പേരും അഡ്രസ്സും എഴുതാൻ മറക്കരുത്.**
**ഫോൺ: 95 44 557 557**

## V V Xavier, Chalakkudy, Thrissur

മാർച്ച് 2023 റിയൽ ലൈഫ് വോയ്സ്ലെ *അവലോകനയോഗം* എന്ന ചെറുകഥ ഈ കാലഘട്ടത്തെ വിശ്വാസസമൂഹത്തിലെ സ്ഥിതിഗതികൾ നോക്കുമ്പോൾ പ്രശംസനീയമാണ്. "പിശാച് തന്റെ ബുൾഗാൻതാടി തടവിക്കൊണ്ട് കുലുങ്ങിച്ചിരിച്ചു" എന്നുള്ള പ്രയോഗം ചിന്തനീയവുമാണ്. അഭിനന്ദനങ്ങൾ അറിയിക്കുന്നു.

## Issac K V (Peechi), Pattikkad, Thrissur

മാർച്ച്ലക്കത്തിലെ മാസികയിൽ പ്രതികരണശോഷണം കണ്ടു. പ്രതികരിക്കുന്നു. മനുഷ്യർ വായിച്ചു ചിന്തിക്കാതെ, ശ്രദ്ധിക്കാതെ, രസിക്കുക മാത്രം ചെയ്യുന്നു. കണ്ടുരസിക്കാവുന്നതും ജഡത്തിനു ഹരം പിടിപ്പിക്കുന്നതുമായ കാര്യങ്ങൾ മാത്രം ദൃശ്യമാദ്ധ്യമങ്ങൾ വെളിപ്പെടുത്തുന്നു. ദൃശ്യമാദ്ധ്യമം വഴി വരുന്ന 'മയക്കുമരുന്ന്' വിശ്വാസലോകത്തെയും വശീകരിച്ചുകഴിഞ്ഞു. നോഹയുടെയും ലോത്തിന്റെയും കാലത്തെ മനുഷ്യർ ഇന്നത്തെ തലമുറയുടെ പ്രവൃത്തി കണ്ടാൽ ലജ്ജിക്കും. ഇന്നത്തെ തലമുറ ദൈവവചനത്തിനു നേരെ ഹൃദയം അടയ്ക്കുകയും നർമ്മങ്ങൾക്കായി കാതു കൂർപ്പിക്കുകയും ചെയ്യുന്നു. പ്രവാചകനെ പരിഹസിച്ച തലമുറയെയും യിരമ്യാവിനെ പൊട്ടക്കിണറ്റിലിട്ട യെഹൂദജനത്തെയും പോലെ ഇന്ന് സത്യം കാക്കുന്നവർക്ക് പരിഹാസവും കല്ലേറും! ഇതിനാൽ ശുദ്ധർ മൗനം... ശക്തർ തടങ്കലിൽ... ശുദ്ധർ അസത്യത്തെയും ശക്തർ അനീതിയെയുംകുറിച്ച് പ്രതികരിക്കും. ഇവിടെ മൗനമാണ് ഭൂഷണം എന്നു കരുതുന്നു.

## A V Jose, Chowannur, Thrissur

ഏപ്രിൽ മാസത്തെ മാസിക കിട്ടിയ ഉടനെ മുഴുവനും വായിച്ചുതീർത്തു. അവസാനപേജിലെ ആനുകാലികം, *ആനയായി ജനിച്ചാൽ മതിയായിരുന്നു* .. ഈ ആശയത്തിന് നന്ദി അറിയിക്കുന്നു. കുട്ടികളുടെ തന്ത്രങ്ങളെക്കുറി

ച്ചുള്ള എഡിറ്റോറിയൽ വായിച്ചു. നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തു എന്നു വിശ്വസിക്കുന്ന കുടുംബങ്ങൾ ഒരിക്കലും തകർന്നുപോകയില്ല.

നവജീവോദയം, ഇൻഡ്യൻ മെസഞ്ചർ, സുവിശേഷകൻ എന്നീ മാസികകൾക്കൊന്നും പോസ്റ്റൽ ഇളവ് ഇല്ല. അവരും നിങ്ങളും തമ്മിൽ വളരെ വ്യത്യാസം.

**(എഡിറ്റർ: മൂന്ന് രജിസ്ട്രേഷനാണ് റിയൽ ലൈഫ് വോയ്സിനുള്ളത്. ഒന്ന് ഡൽഹിയിൽനിന്നും മറ്റ് രണ്ടെണ്ണം കേരളത്തിൽനിന്നും ഉള്ളതാണ്. അതിൽ ഡൽഹിയിൽനിന്നുള്ള ഇന്ത്യാഗവൺമെന്റിന്റെ രജിസ്ട്രേഷൻ ആയ RNI രജിസ്ട്രേഷൻ റദ്ദായാൽ ബാക്കിയുള്ള രണ്ട് രജിസ്ട്രേഷനുകളും പുതുക്കിക്കിട്ടുകയില്ല. അങ്ങനെവന്നാൽ പോസ്റ്റൽ ഇളവും നഷ്ടപ്പെടും. പക്ഷേ ഇതുവരെ കാര്യങ്ങളെല്ലാം കൃത്യമായി ചെയ്യാൻ ദൈവം സഹായിച്ചു. എല്ലാ വർഷവും ഇന്ത്യാഗവൺമെന്റിന് e-filing ചെയ്യണമെന്ന വ്യവസ്ഥയും നാം കൃത്യമായി പാലിച്ചുപോരുന്നുണ്ട്. ദൈവം അനുവദിക്കുന്ന നാൾ വരെ ഈ മാസിക മുന്നോട്ടുപോകും എന്നു ഞാൻ വിശ്വസിക്കുന്നു. ഈ പ്രവർത്തനത്തെ ഓർത്തു പ്രാർത്ഥിച്ചാലും)**

## ചെലവ് ചുരുക്കി ലോകസഭ; ലാഭിച്ചത് 801.46 കോടി

ബലേ ഭേഷ്! ബലേ ഭേഷ്! പതിനേഴാം ലോകസഭയുടെ പ്രവർത്തനച്ചെലവിൽ കഴിഞ്ഞ നാലു വർഷത്തിനിടെ ലാഭിച്ചത് 801.46 കോടി രൂപ. ഇലക്ട്രിക് വാഹനങ്ങൾ, പേപ്പർരഹിത ഓഫീസ് എന്നിവയാണ് ലാഭത്തിന് വഴിയൊരുക്കിയത്. എംപിമാരുടെ യാത്രയ്ക്കായി ഇലക്ട്രിക് വാഹനങ്ങൾ രംഗത്തിറക്കിയതു വഴി വൻതോതിൽ ഇന്ധനം ലാഭിക്കാൻ സാധിച്ചു. മുൻവർഷങ്ങളിൽ കോവിഡ് മൂലം ഏതാനും സഭാസമ്മേളനങ്ങൾ നടത്താൻ കഴിയാത്തതും ലാഭത്തിന് കാരണമായി. 2014-19 കാലയളവിലെ പതിനാറാം ലോകസഭയുടെ ലാഭം 461 കോടിയായിരുന്നു. *(2023 ഏപ്രിൽ 26 ലെ പത്രവാർത്ത)*

ജനപ്രതിനിധികളും ഭരണകൂടവും ചെലവുചുരുക്കിയാൽ നമ്മുടെ നാട് രക്ഷപ്പെടും. പക്ഷേ പല അധികാരികളും ധൂർത്തിന്റെ പര്യായപദമായി തീരുന്നത് നിമിത്തം നാട് നശിക്കയേയുള്ളൂ. തങ്ങൾക്ക് വോട്ട് ചെയ്ത് ജയിപ്പിച്ച ജനത്തിന് വല്ല ഉപകാരവും ചെയ്യാൻ എല്ലാ അധികാരികളും ശ്രദ്ധിച്ചിരുന്നെങ്കിൽ...

# ദൈവത്തിന്റെ വിശ്വസ്തത
## [ FAITHFULNESS OF GOD ]

സാഗറിലെ സുവിശേഷകനായിരുന്ന ഡോ. റ്റി. എ. കുര്യന്റെ ജീവചരിത്രം

13

**Prof. T. John Mathew**

പരിഭാഷ: എം. വി. സെബാസ്റ്റ്യൻ

### സാഹസിക ജീവിതം

മത്തായി 7:7 ൽ നാം ഇപ്രകാരം വായിക്കുന്നു: "യാചിപ്പിൻ എന്നാൽ നിങ്ങൾക്കു കിട്ടും; അന്വേഷിപ്പിൻ എന്നാൽ നിങ്ങൾ കണ്ടെത്തും; മുട്ടുവിൻ എന്നാൽ നിങ്ങൾക്കു തുറക്കും." വീണ്ടും നാം വായിക്കുന്നു: "അവന്റെ ഇഷ്ടപ്രകാരം നാം എന്തെങ്കിലും അപേക്ഷിച്ചാൽ അവൻ നമ്മുടെ അപേക്ഷ കേൾക്കുന്നു..." (1 യോഹന്നാൻ 5:14). ദൈവവചനത്തിലെ ഈ വാഗ്ദത്തങ്ങളിൽ കുര്യൻ ശക്തമായി വിശ്വസിച്ചു.

പ്രാർത്ഥനയ്ക്കും വചനധ്യാനത്തിനുമായി അദ്ദേഹം വളരെ സമയം ചെലവഴിക്കുമായിരുന്നു. തനിക്കാവശ്യമുള്ള സകല കാര്യത്തിനും ദൈവത്തോട് അപേക്ഷിക്കുകയും, അതിനു ദൈവം ഉത്തരമരുളും എന്ന് വിശ്വസിച്ച് ദൈവത്തിന് സ്തോത്രം ചെയ്യുകയും ചെയ്യുന്ന പതിവ് അദ്ദേഹത്തിനുണ്ടായിരുന്നു. ദൈവഹിതപ്രകാരം മാത്രമേ ദൈവം ഉത്തരമരുളുകയുള്ളൂ എന്നും അദ്ദേഹത്തിന് അറിയാം. അതുകൊണ്ട് ഉദ്ദേശിച്ച സമയത്ത്

**ഡോ. റ്റി. എ. കുര്യൻ**
**(1920–2007)**

**50–തിലധികം വർഷങ്ങൾ മദ്ധ്യപ്രദേശിലെ സാഗർ കേന്ദ്രമാക്കിക്കൊണ്ട് സുവിശേഷവേല ചെയ്തു.**

**ബൈബിളിന്റെ മൂലഭാഷകളായ ഹീബ്രുവും ഗ്രീക്കും പലരേയും പഠിപ്പിച്ചു.**

**ഹിന്ദിയിൽ 1036 പേജുകളുള്ള 'യീശു ചരിത മാനസ്' എന്ന മഹാകാവ്യം രചിച്ചു.**

**മഹാകവി കെ. വി. സൈമന്റെ ജീവചരിത്രം തയ്യാറാക്കി പ്രസിദ്ധീകരിച്ചു.**

അദ്ദേഹത്തിന്റെ മക്കൾക്കും കൊച്ചുമക്കൾക്കും വായിച്ചു മനസ്സിലാക്കാൻ കഴിയണമെന്നാഗ്രഹിച്ചതിനാൽ ഈ ഗ്രന്ഥത്തിന്റെ രചന ഇംഗ്ലീഷിലാണ് ഗ്രന്ഥകർത്താവ് നിർവ്വഹിച്ചത്. കേരളത്തിലെ വിശ്വാസികൾക്കു വേണ്ടി അത് പരിഭാഷപ്പെടുത്തി ഇവിടെ പ്രസിദ്ധീകരിക്കുന്നു.
**(എഡിറ്റർ)**

ദൈവം ഉത്തരമരുളിയില്ല എന്നൊരു പരാതി ഒരിക്കലും അദ്ദേഹത്തിനുണ്ടായിരുന്നില്ല. അദ്ദഹം ഉദ്ദേശിച്ച നിലയിൽ ദൈവം ഉത്തരം കൊടുക്കാത്ത നിരവധി സന്ദർഭങ്ങൾ ഉണ്ടായിരുന്നു. എങ്കിലും ദൈവം തന്നെ കൈവിടുകയില്ല എന്ന് അദ്ദേഹവും കുടുംബവും ഉറച്ച് വിശ്വസിച്ചു.

പലപ്പോഴും അവരുടെ അടിസ്ഥാന ആവശ്യങ്ങൾ വരെ നിറവേറപ്പെടാത്ത സാഹചര്യങ്ങളുണ്ടായി. ഭക്ഷണം കഴിക്കാൻ പോലുമില്ലാത്ത സാഹചര്യങ്ങളിലും അവർ പിറുപിറുക്കാതെ, സംതൃപ്തരായി നിലകൊണ്ടു. മദ്ധ്യപ്രദേശിലെ സാഗറിലെ ഗ്രാമപ്രദേശങ്ങളിൽ സുവിശേഷം അറിയിച്ചുകൊണ്ട് അവർ മുന്നേറി. സാഗറിലെ യൂണിവേഴ്സിറ്റിയിൽ വിവിധ കോഴ്സുകൾ പഠിക്കാനായി വന്നിട്ടുള്ള വിദ്യാർത്ഥികളുമായി ബന്ധം സ്ഥാപിക്കാൻ അവർ ശ്രമിച്ചു. അവസരം ലഭിക്കുമ്പോഴൊക്കെയും ശ്രീ. കുര്യൻ ആൺകുട്ടികളുടെ ഹോസ്റ്റലിലും അദ്ദേഹത്തിന്റെ ഭാര്യ പെൺകുട്ടികളുടെ ഹോസ്റ്റലിലും ചെന്ന് ആ കുട്ടികളോട് സംസാരിക്കുമായിരുന്നു.

താത്പര്യം കാണിക്കുന്നവരുടെ മുറികളിൽ അവർ വിദ്യാർത്ഥികൾക്കായി ബൈബിൾക്ലാസ്സുകൾ നടത്തി. അങ്ങനെ ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽനിന്ന് അവിടെ വരുന്ന കുട്ടികളോട് സുവിശേഷം അറിയിക്കാനും ബൈബിൾ അവരെ പഠിപ്പിക്കാനും അവർക്കു കഴിഞ്ഞു. അവരിൽ പലരും അവരുടെ വിശ്വാസം ഏറ്റുപറയുകയും സ്നാനമേൽക്കുകയും ഞായറാഴ്ചയിലെ സഭായോഗങ്ങളിൽ പങ്കെടുക്കുകയും ചെയ്തു. യൂണിവേഴ്സിറ്റിയിലെ പഠനം പൂർത്തീകരിച്ച് മടങ്ങിപ്പോയ പലരും കർത്താവിന്റെ നല്ല സാക്ഷികളായി നിലകൊണ്ടു എന്ന് പിൽക്കാലത്ത് അറിയാൻ ഇടയായിട്ടുണ്ട്.

**വിശ്വാസജീവിതം**

നീതിമാൻ വിശ്വാസത്താൽ ജീവിക്കും (റോമർ 1:17). ഒരു പാപിക്ക് വിശ്വാസത്താൽ നീതീകരിക്കപ്പെടാമെന്നും അങ്ങനെ നീതീകരിക്കപ്പെട്ടവൻ പിന്നീട് വിശ്വാസജീവിതം നയിക്കണമെന്നുമുള്ള ആശയം ഈ വാക്യത്തിലുണ്ട്. 1946 ൽ കുര്യനും കുടുംബവും നാഗ്പൂരിലായിരിക്കുമ്പോൾ ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾ അവരെ വേട്ടയാടിയ ഒരു സാഹചര്യത്തെക്കുറിച്ച് അദ്ദേഹത്തിന്റെ ഡയറിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ആശുപത്രിയിൽ പ്രവേശിക്കപ്പെട്ട കുര്യൻ പതുക്കെ പതുക്കെ ആരോഗ്യം വീണ്ടെടുത്തുകൊണ്ടിരിക്കുന്നതിനിടയിൽ അദ്ദേഹത്തിന്റെ ഭാര്യ രോഗബാധിതയായി. അദ്ദേഹം ഡയറിയിൽ കുറിച്ചിരിക്കുന്നത് ഇപ്രകാരമാണ്:

*എന്റെ ആരോഗ്യം ചെറിയ നിലയിൽ ഒന്നു മെച്ചപ്പെട്ടുവരികയായിരുന്നു. സ്പൂണിൽ അല്പം പാൽ കഴിക്കുന്നതിന് എനിക്കു കഴി*

*യുന്ന സ്ഥിതിയാണ് ഉണ്ടായിരുന്നത്. ഈ സാഹചര്യത്തിൽ എന്റെ ഭാര്യ വീണ്ടും കഴുത്തിൽ നീര് വന്ന് കിടപ്പിലായി. ഒരു ഓപ്പറേഷൻ ആവശ്യമുള്ള അവസ്ഥയാണ്. എന്നാൽ ഓപ്പറേഷനുശേഷം ആശുപത്രിയിൽ കുറച്ചുനാൾ കഴിയേണ്ടിവരും. ഞങ്ങളുടെ രണ്ട് കൊച്ചുകുഞ്ഞുങ്ങളെ ആര് നോക്കും? ഞാൻ ആശുപത്രിയിലാണ്. ആ കുഞ്ഞുങ്ങളെ നോക്കുവാൻ ആരുമില്ല. ഞാൻ ആശുപത്രിയിൽ തുടർന്നാൽ ഭക്ഷണം ആര് നൽകും? ഈ സാഹചര്യത്തിൽ എന്റെ ഭാര്യ മറ്റൊരു സഹോദരിയോടൊപ്പം അടുത്തുള്ള ഒരു ഡിസ്പെൻസറിയിൽ പോയി ഓപ്പറേഷൻ കഴിഞ്ഞ് തിരിച്ച് വീട്ടിൽ വന്നു.*

*എന്റെ ഭാര്യ വീട്ടിൽ മടങ്ങിവന്നപ്പോഴേക്കും ഞങ്ങളുടെ രണ്ടു കുഞ്ഞുങ്ങളും രോഗബാധിതരായി കിടപ്പിലായിരുന്നു. ഞങ്ങളെല്ലാവരും ഒരുമിച്ച് രോഗികളായി കിടപ്പിലായ ഒരു ദിവസമായിരുന്നു അത്. പക്ഷേ ദൈവം എങ്ങനെയാണ് ഞങ്ങളെ അന്ന് സഹായിച്ചത്? അത് അത്ഭുതകരമായിരുന്നു. എല്ലാ വാതിലുകളും അടഞ്ഞുപോയ ആ സാഹചര്യത്തിൽ ദൈവം തന്റെ വാഗ്ദത്തങ്ങളിൽ വിശ്വസ്തനായി ഞങ്ങൾക്ക് മറ്റൊരു വാതിൽ തുറന്നു. ഞങ്ങളുടെ സുഹൃത്തുക്കളുടെ അഭ്യർത്ഥനപ്രകാരം ഒരു സ്ത്രീ ഞങ്ങളെ സഹായിക്കാനായി തയ്യാറായി. എന്റെ ഭാര്യയെയും കുഞ്ഞുങ്ങളെയും ആ സ്ത്രീ ശുശ്രൂഷിക്കുകയും ബുദ്ധിമുട്ടേറിയ ആ സാഹചര്യത്തെ തരണം ചെയ്യാൻ ഞങ്ങളെ സഹായിക്കുകയും ചെയ്തു. ഏറ്റവും ആവശ്യമായ സമയത്ത് ഒരു വലിയ സഹായം തന്നെയായിരുന്നു അത്.*

ഇതുപോലെയുള്ള നിരവധി സന്ദർഭങ്ങളെക്കുറിച്ച് അദ്ദേഹത്തിന്റെ ഡയറിയിൽ കുറിച്ചിട്ടുണ്ട്. സ്നേഹവാനായ ദൈവം അദ്ദേഹത്തെയും കുടുംബത്തെയും കൈവെടിഞ്ഞില്ല. ദൈവത്തിന്റെ കരുതൽ അനുദിനം രുചിച്ചറിയാൻ അവർക്ക് കഴിഞ്ഞു. ദൈവത്തിൽ ആഴമായി വിശ്വസിക്കുന്നതിനും പ്രാർത്ഥനകൾക്ക് അത്ഭുതകരമാംവിധമുള്ള മറുപടി ദൈവത്തിൽ നിന്ന് ലഭിക്കുന്നതിനും അവർക്കിടയായി. സാമ്പത്തികപ്രശ്നങ്ങളാൽ വലഞ്ഞപ്പോഴെല്ലാം അത്ഭുതകരമായി ദൈവം ഇടപെട്ടു. അവർ ചിന്തിച്ചിട്ടുപോലുമില്ലാത്ത വഴികളിലൂടെ ദൈവം അവർക്ക് സഹായം നൽകി. നിരാശയുടെയും ബുദ്ധിമുട്ടിന്റെയും കയ്പേറിയ സാഹചര്യങ്ങളെ അതിജീവിക്കാൻ അവർക്ക് കഴിഞ്ഞത് ദൈവത്തിലുള്ള അവരുടെ അടിയുറച്ച വിശ്വാസം ഒന്നുകൊണ്ട് മാത്രമാണ്.

**(തുടരും)**

# റോമർ 16-ാം അദ്ധ്യായത്തിലെ ദൈവമക്കൾ

10

എം. വി. സെബാസ്റ്റ്യൻ, തൃശ്ശൂർ

**15. ത്രുഫൈന**

**16. ത്രുഫോസെ**

**17. പെർസിസ്**

*"കർത്താവിൽ അദ്ധ്വാനിക്കുന്നവരായ ത്രുഫൈനെക്കും ത്രുഫോസെക്കും വന്ദനം ചൊല്ലുവിൻ. കർത്താവിൽ വളരെ അദ്ധ്വാനിച്ചവളായ പ്രിയ പെർസിസിന്നു വന്ദനം ചൊല്ലുവിൻ" (റോമർ 16:12).*

ഈ വാക്യത്തിൽ കാണുന്ന മൂന്നു പേരും സ്ത്രീകളാണ്. അവരുടെ പേരിൽ നിന്നും അതു വ്യക്തമാണെന്നാണ് പറയപ്പെടുന്നത്. "സ്ത്രീ സഭയിൽ മിണ്ടാതിരിക്കട്ടെ" എന്നു എഴുതിയതിന്റെ പേരിൽ വിശ്വാസികളിൽ നിന്നുള്ള വിമർശനങ്ങൾക്കുപോലും ഇരയായിട്ടുള്ള പൗലൊസ്, സ്ത്രീകൾ സഭയ്ക്കുവേണ്ടി നടത്തിയ അദ്ധ്വാനത്തെ പേരെടുത്തു പറഞ്ഞ് പ്രശംസിക്കുന്നതു നോക്കുക.

**ത്രുഫൈനെ, ത്രുഫോസെ**

കർത്താവിൽ അദ്ധ്വാനിക്കുന്നവരാണ് അവർ. സഹോദരിമാരുടെ അദ്ധ്വാനം സഭയ്ക്ക് അത്യാവശ്യമാണ്. പ്രാർത്ഥന, സഭായോഗങ്ങൾ, സുവിശേഷപ്രവർത്തനങ്ങൾ എന്നിവയിലെല്ലാം സഹോദരിമാർക്ക് സുപ്രധാനമായ പങ്കുണ്ട്. കർത്താവിൽ അദ്ധ്വാനിക്കണം എന്നു ചിന്തിക്കുന്ന ഒരു സഹോദരിക്ക് അതിനുള്ള ധാരാളം അവസരങ്ങൾ ദൈവസഭയിൽ ഉണ്ട് എന്നതാണ് സത്യം.

വചനത്തിൽ നാം നോക്കുമ്പോൾ മൂപ്പന്മാർ ഉണ്ട്; മൂപ്പത്തിമാർ ഇല്ല. അപ്പൊസ്തലന്മാർ ഉണ്ട്; അപ്പൊസ്തലത്തിമാർ ഇല്ല. സഭയിൽ ശുശ്രൂഷ ലീഡ് ചെയ്യാൻ സഹോദരിമാർക്ക് അനുവാദമില്ല. സഭയിൽ വചനം പഠിപ്പിക്കാൻ അനുവാദമില്ല. എന്നിട്ടും കർത്താവിൽ അദ്ധ്വാനിക്കാൻ ഈ സഹോദരിമാർക്ക് അവസരം ലഭിച്ചു! പ്രിയ സഹോദരിമാരേ, നിങ്ങൾക്കുള്ള സ്ഥലം

(space) ഒഴിച്ചിട്ടിട്ടാണ് ദൈവം സഹോദരന്മാർക്ക് ശുശ്രൂഷകൾ കൊടുത്തി ട്ടുള്ളത് എന്നു അറിയുക.

കർത്താവിന്റെ ഭൗമികജീവിതകാലത്ത് കർത്താവ് വിളിച്ചതും ശുശ്രൂ ഷകൾ ഏല്പിച്ചതും പുരുഷന്മാരെ മാത്രമായിരുന്നു. എഴുപതു പേരെ തിര ഞ്ഞെടുത്തപ്പോഴും പന്ത്രണ്ടു പേരെ തിരഞ്ഞെടുത്തപ്പോഴും അവരെല്ലാം പുരുഷന്മാർ മാത്രമായിരുന്നു. എന്നിട്ടും കർത്താവിനെ ശുശ്രൂഷിക്കാൻ സ്ഥലം (space) കണ്ടെത്തിയ കുറെ സ്ത്രീകൾ ഉണ്ടായിരുന്നു! കിട്ടാത്ത സ്ഥാനങ്ങളെക്കുറിച്ച് അവർ പരിഭവം പറഞ്ഞില്ല. അവരുടെ മുന്നിൽ തുറന്നു കിട്ടിയ അവസരങ്ങൾ അവർ ഉപയോഗിച്ചു; അനുഗ്രഹം പ്രാപിക്കുകയും ചെയ്തു.

പ്രിയ സഹോദരിമാരേ, നിങ്ങൾക്ക് ചില ശാരീരിക പരിമിതികളുണ്ട്. നിങ്ങൾക്ക് സമൂഹത്തിൽനിന്നും ചില വിലക്കുകൾ ഉണ്ട്. നിങ്ങൾക്ക് വച നത്തിൽ നിന്നും ചില വിലക്കുകൾ ഉണ്ട്. ഇങ്ങനെയൊക്കെയാണെങ്കിലും നിങ്ങൾക്കും കർത്താവിൽ അദ്ധ്വാനിക്കാൻ അവസരമുണ്ട്. ത്രുഫൈനെയും ത്രുഫോസെയും കർത്താവിൽ അദ്ധ്വാനിക്കുന്നവരായിരുന്നുവല്ലോ. എന്തു അദ്ധ്വാനമാണ് അവർ നടത്തിയത്? സഭയുടെ പ്രയോജനത്തിനുവേണ്ടി, ദൈവനാമമഹത്വത്തിനുവേണ്ടി അവർ എന്തു ചെയ്തിട്ടുണ്ടെങ്കിലും അതെല്ലാം കർത്താവിലുള്ള അദ്ധ്വാനമായിരുന്നു. “ഞങ്ങൾ രാത്രി മുഴുവനും അദ്ധ്വാനിച്ചിട്ടും...”എന്നു ലൂക്കൊസ് 5:5 ൽ കാണുന്നു. അവിടെ ഉപയോഗി ച്ചിരിക്കുന്ന അതേ ഗ്രീക്ക്പദം തന്നെയാണ് ഈ സഹോദരിമാരുടെ അദ്ധ്വാ നത്തെക്കുറിച്ചു പറയുമ്പോഴും ഉപയോഗിച്ചിട്ടുള്ളത്.

ത്രുഫൈനെയും ത്രുഫോസെയും ചേച്ചിയും അനുജത്തിയുമോ അതു മല്ലെങ്കിൽ ഇരട്ടസഹോദരിമാരോ ആയിരുന്നിരിക്കാം. ഇതു വാസ്തവ മാണെങ്കിൽ, ഒരു വീട്ടിലെ രണ്ടു പെൺമക്കൾ കർത്താവിനുവേണ്ടി അദ്ധ്വാ നിക്കാൻ ഒരുമിച്ച് ഇറങ്ങുന്നതിന്റെ സൗന്ദര്യം നമുക്കു കാണാൻ കഴിയും. അവരുടെ മാതാപിതാക്കൾ എത്രയോ അനുഗ്രഹിക്കപ്പെട്ടവർ! പത്ത് മിനിറ്റ് ഒരുമിച്ച് ഇരിക്കുമ്പോഴേക്കും വഴക്കുകൂടി പിരിയുന്ന ഇന്നത്തെ സഹോദര ങ്ങൾ ചിന്തിക്കട്ടെ. വ്യക്തിപരമായ നേട്ടത്തേക്കാൾ തങ്ങളുടെ നോട്ടം കർത്താവിൽ കേന്ദ്രീകരിക്കുന്നവർക്ക് മാത്രമേ കർത്താവിനുവേണ്ടി ഫല പ്രദമായി അദ്ധ്വാനിക്കാൻ കഴിയുകയുള്ളൂ.

അവർ ഇപ്പോഴും കർത്താവിൽ അദ്ധ്വാനിക്കുന്നവരാണ്. സമൂഹത്തിൽ നിന്നും ലഭിച്ചേക്കാവുന്ന മോശം പ്രതികരണങ്ങളോ, സഭയിലെ പ്രശ്നങ്ങ ളോ, കുടുംബത്തിലെ പ്രശ്നങ്ങളോ, വ്യക്തിപരമായ നിലയിലുള്ള പ്രശ്ന ങ്ങളോ അവരെ ഇതുവരെയും തളർത്തിയിട്ടില്ല. അവർ അദ്ധ്വാനം തുടരുക

യാണ്. കർത്താവിനുവേണ്ടി, കർത്താവിന്റെ പേരിൽ! പൗലൊസ് പോലും തങ്ങളുടെ അദ്ധ്വാനത്തെക്കുറിച്ച് മനസ്സിലാക്കിയിട്ടുണ്ട് എന്നു ആ സഹോദരിമാർ ഒരു പക്ഷേ അറിയുന്നത്, റോമിലെ സഭയിൽ പൗലൊസിന്റെ ഈ വന്ദനവാചകം വായിക്കുമ്പോൾ മാത്രമായിരിക്കാം. അപ്പൊസ്തലൻ പരസ്യമായി അവരെ ഇവ്വിധം അംഗീകരിച്ചത് ആ സഹോദരിമാരെ എത്രമാത്രം പ്രോത്സാഹിപ്പിച്ചിരിക്കും!

**പെർസിസ്**

പെർസിസ് കർത്താവിൽ വളരെ അദ്ധ്വാനിച്ചവൾ ആണ്. ത്രുഫൈനെയും ത്രുഫോസെയും കർത്താവിൽ അദ്ധ്വാനിക്കുന്നവർ ആണ്. അവർ ഇപ്പോഴും ആ അദ്ധ്വാനം തുടരുകയാണ്. എന്നാൽ പെർസിസ് വളരെ അദ്ധ്വാനിച്ചുകഴിഞ്ഞു. ഇപ്പോൾ ആ അദ്ധ്വാനം ഇല്ല. അവൾ വിശ്രമിക്കുകയാണ്. വാർദ്ധക്യം നിമിത്തമായിരിക്കാം; അല്ലെങ്കിൽ വല്ല രോഗം നിമിത്തമാണോ? അറിഞ്ഞുകൂടാ. ഏതായാലും ഒരു കാലത്ത് അവൾ വളരെ അദ്ധ്വാനിച്ചു. ഇപ്പോൾ വിശ്രമം ആവശ്യമായിരിക്കുന്നു. അവൾക്ക് ദൈവം അനുവദിച്ച ആരോഗ്യം അവൾ കർത്താവിനുവേണ്ടി ഉപയോഗിച്ചു. തന്റെ മുമ്പിൽ അവസരങ്ങൾ എത്ര നാളുണ്ടാകും എന്നു അറിയാത്തതുകൊണ്ട്, തനിക്കു ലഭിച്ച അവസരങ്ങൾ പരമാവധി പ്രയോജനപ്പെടുത്താൻ പെർസിസ് തയ്യാറായി.

ഇപ്പോഴും അദ്ധ്വാനം തുടരുന്ന ത്രുഫൈനെ-ത്രുഫോസെ! അവരേക്കാൾ അധികം പെർസിസ് അദ്ധ്വാനിച്ചുകഴിഞ്ഞിരിക്കുന്നു! സ്വന്തം ആരോഗ്യം ക്ഷയിക്കുന്നതു വരെ കർത്താവിനുവേണ്ടി അദ്ധ്വാനിച്ചവരെ ഇന്നത്തെ യുവതീയുവാക്കൾ കണ്ടു പഠിക്കട്ടെ. ആത്മികകാര്യങ്ങൾക്കൊന്നും സമയമില്ലാതെ, ധനസമ്പാദനവും പ്രശസ്തിയും മാത്രം ലക്ഷ്യമിട്ട് നെട്ടോട്ടമോടുന്ന വിശ്വാസികൾ, കർത്താവിന്റെ വയലിൽ അദ്ധ്വാനിച്ചവരെ ഓർക്കട്ടെ. പെർസിസ് ഒരു കാലത്ത് നന്നായി അദ്ധ്വാനിച്ചു. ഇന്നു ത്രുഫൈനെ, ത്രുഫോസെ എന്നിവരുടെ അദ്ധ്വാനത്തെ കണ്ട് സന്തോഷിച്ചുംകൊണ്ട് വിശ്രമിക്കുന്നു.

ഒരു പെർസിസ് വിശ്രമിക്കുമ്പോൾ ആ വിടവ് നികത്താൻ ത്രുഫൈനയും ത്രുഫോസെയും! സഭയിലെ കൗമാരക്കാരേ, ഇന്ന് മുൻനിരയിൽ നിന്നു അദ്ധ്വാനിക്കുന്നവർ വിശ്രമിക്കാറാകുമ്പോഴേക്കും നിങ്ങൾ കർത്താവിൽ അദ്ധ്വാനിക്കാൻ പ്രാപ്തരാകുമോ? നിങ്ങൾ അവരെ കണ്ടുപഠിക്കുന്നുണ്ടോ? പ്രിയ ദൈവജനമേ, കർത്താവിൽ അദ്ധ്വാനിക്കുന്നവർ എന്നു മറ്റുള്ളവർ നമ്മെക്കുറിച്ച് സാക്ഷ്യം പറയാൻ ഇടയാകട്ടെ.

**(തുടരും)**

**Visit our website: www.reallifevoice.in**

# ഹബക്കൂക്

## (പുസ്തകപഠനം)

15

**-എംവിഎസ്-**

**ഹബക്കൂക് 2:6**

*അവരൊക്കെയും അവനെക്കുറിച്ച് ഒരു സദൃശവും അവനെക്കുറിച്ച് പരിഹാസമായുള്ളൊരു പഴഞ്ചൊല്ലും ചൊല്ലി; തന്റേതല്ലാത്തത് വർദ്ധിപ്പിക്കയും-എത്രത്തോളം?- പണയപണ്ടം ചുമന്നുകൂട്ടുകയും ചെയ്യുന്നവന് അയ്യോ കഷ്ടം! എന്നു പറകയില്ലയോ?*

**'അവനെക്കുറിച്ച്'**

യിസ്രായേൽജനത്തിന്റെ ശത്രുവായ കൽദയരാജാവിനെക്കുറിച്ച്, അതായത് നെബൂഖദ്നേസെറിനെക്കുറിച്ച് എന്നർത്ഥം.

**'തന്റേതല്ലാത്തത് വർദ്ധിപ്പിക്കയും'**

തന്റേതല്ലാത്തത് വർദ്ധിപ്പിക്കാൻ ആരും നോക്കരുത്. പത്ത് കല്പനകളിൽ അത് ദൈവം വ്യക്തമാക്കിയിരുന്നു (ആവർത്തനം 5:21).

മറ്റൊരുത്തന് അവകാശപ്പെട്ടത് സ്വന്തമാക്കാൻ നാം നോക്കരുത്. ശരിയായി കൂലി കൊടുക്കാതെയും, കടം വാങ്ങിയത് തിരിച്ചുകൊടുക്കാതെയും, മറ്റുള്ളവരെ വഞ്ചിച്ചും ആരും പണം ഉണ്ടാക്കരുത്. ദാവീദ് ഊരിയാവിന്റെ ഭാര്യയെ സ്വന്തമാക്കി; ആഹാബ് നാബോത്തിന്റെ മുന്തിരിത്തോട്ടം കൈവശമാക്കി; ഗേഹസി നയമാന്റെ കയ്യിൽനിന്ന് ചിലതെല്ലാം സ്വന്തമാക്കാൻ നോക്കി. ഇവരെല്ലാം ദൈവകോപം വാങ്ങിക്കൂട്ടുകയാണുണ്ടായത്.

കൽദയരുടെ ഒരു സ്വഭാവമാണ് ഇവിടെ രേഖപ്പെടുത്തിയിരിക്കുന്നത്. തന്റേതല്ലാത്തത് സ്വന്തമാക്കാൻ നോക്കുന്ന സ്വഭാവം. ഈ സ്വഭാവം നിമിത്തമാണ് അവർ രാജ്യങ്ങളെ ആക്രമിച്ചത്. ഈ സ്വഭാവം നിമിത്തം തന്നെയാണ് അവർ ഒടുവിൽ തകർന്നുപോയതും.

**'പണയപണ്ടം ചുമന്നുകൂട്ടുകയും'**

മറ്റുള്ളവർ ഈടുവച്ച സ്വർണ്ണം ചുമന്നുനടക്കുന്നവന്റെ കാര്യം കഷ്ടമാണ്. ഭീമമായ പലിശ ഈടാക്കുന്നത് നിമിത്തം പണം അടച്ചുവീട്ടി പണയപണ്ടം വീണ്ടെടുക്കാൻ ആളുകൾക്ക് കഴിയാതെ വരുന്നു. അങ്ങനെ പലിശക്കാരൻ പണയപണ്ടം ചുമന്നുകൂട്ടുന്നവനായി മാറുന്നു. അവന്റെ

സ്വത്ത് കുമിഞ്ഞുകൂടുകയും ചെയ്യുന്നു. ഈ നിലയിൽ പണം വർദ്ധിപ്പിക്കുന്ന, പണയപണ്ടം ചുമന്നുകൂട്ടുന്നവർ, ഇക്കാലത്തുമുണ്ട്.

കൽദയർ യിസ്രായേൽമക്കളെ കീഴ്പ്പെടുത്തുമെങ്കിലും പിന്നീട് കൽദയർ നശിച്ചുപോകും എന്നാണല്ലോ ഹബക്കൂകിന് ദൈവം മനസ്സിലാക്കിക്കൊടുക്കുന്നത്. കൽദയരുടെ വീഴ്ചയ്ക്കുള്ള മൂന്നു കാരണങ്ങൾ അഞ്ചാംവാക്യത്തിൽ നാം കണ്ടത് ഇവയെല്ലാമാണ്:

1) മദ്യം (വീഞ്ഞ്)

2) അഹങ്കാരം

3) സംതൃപ്തിയില്ലായ്മ

ആറാംവാക്യത്തിൽ മറ്റു രണ്ടു കാരണങ്ങൾ കൂടി നാം കണ്ടുകഴിഞ്ഞു:

4) തന്റേതല്ലാത്തത് വർദ്ധിപ്പിച്ചത്

5) പണയപണ്ടം ചുമന്നുനടന്നത്

### ഹബക്കൂക് 2:7

*നിന്റെ കടക്കാർ പെട്ടെന്ന് എഴുന്നേൽക്കയും നിന്നെ ബുദ്ധിമുട്ടിക്കുന്നവർ ഉണരുകയും നീ അവർക്ക് കൊള്ളയായിത്തീരുകയും ഇല്ലയോ?*

കൽദയർ പണയപണ്ടം വാങ്ങി ഞെരുക്കിയിരുന്ന കടക്കാർ പെട്ടെന്ന് ഉണർന്ന് തങ്ങളെ ചൂഷണം ചെയ്തുജീവിക്കുന്ന കൽദയരുടെ നേരെ തിരിയും എന്നാണ് ഇവിടെ ഹബക്കൂക് പറയുന്നത്. പെട്ടെന്നുള്ള നാശമാണ് കൽദയരെ കാത്തിരിക്കുന്നത്. അപകടത്തെക്കുറിച്ച് യാതൊരു സാധ്യതയുമില്ലാത്ത സമയത്താണ് കൽദയർ പിടിക്കപ്പെടുക. കൽദയരാജാവായ ബേൽശസ്സർ തന്റെ മഹത്തുക്കളിൽ ആയിരം പേർക്ക് ഒരു വലിയ വിരുന്നൊരുക്കി ആനന്ദിച്ചുകൊണ്ടിരിക്കുമ്പോൾ, അന്ന് രാത്രി തന്നെ കൊല്ലപ്പെടുകയാണ് ഉണ്ടായത് (ദാനിയേൽ 5:1–4; 30–31).

ഏറ്റവും മെച്ചപ്പെട്ട അവസ്ഥയിൽനിന്ന് താഴെ കൊണ്ടുവരാൻ ദൈവത്തിന് നൊടിനേരംകൊണ്ട് കഴിയും. തിരിച്ചും കഴിയും. അതായത്, നൊടിനേരം കൊണ്ട് മോശമായ അവസ്ഥയിൽനിന്ന് ഒരുവനെ സമൃദ്ധിയുടെ ഔന്നത്യത്തിലേക്ക് കൊണ്ടുവരാനും ദൈവത്തിന് കഴിയും. ദൈവജനമേ നമുക്ക് പല പ്രശ്നങ്ങൾ ഉണ്ടായിരിക്കാം. പലയിടങ്ങളിലും നാം തീർത്തും നിസ്സഹായരായിരിക്കാം. പക്ഷേ നമ്മുടെ ദൈവം നിസ്സഹായനല്ല എന്ന കാര്യം മറക്കരുത്. അതുകൊണ്ട് എത്ര മോശമായ സാഹചര്യത്തിലൂടെ കടന്നുപോയാലും നമുക്കു പ്രത്യാശയുണ്ട്. ❍

# ഏകനായി വന്നവൻ

ചെറുകഥ

-എംവിഎസ്-

"അജീഷും റോസും തമ്മിലുള്ള വിശുദ്ധവിവാഹം ഇന്ന് ഇവിടെ നടക്കാൻ പോകയാണ്. കുഞ്ഞുങ്ങളെ ദൈവം അനുഗ്രഹിക്കേണ്ടതിനായി നമുക്ക് പ്രാർത്ഥിക്കാം"

മനോഹരമായി അലങ്കരിച്ച വിവാഹവേദിയിൽനിന്നുകൊണ്ട് ശുശ്രൂഷകൻ ഇങ്ങനെ പറഞ്ഞപ്പോൾ, സദസ്സിലിരുന്ന അജീഷിന്റെ ബന്ധു ഹരിനാരായണനുണ്ടായ സംശയം അദ്ദേഹം അടുത്തിരുന്ന ആളോടു ചോദിച്ചു:

"ഇവരുടെ കല്യാണം ഇന്ന് നടക്കാൻ പോകുന്നല്ലേയുള്ളൂ. അപ്പോഴേക്കും കുഞ്ഞുങ്ങളെ അനുഗ്രഹിക്കേണ്ടതിനായി പ്രാർത്ഥിക്കുന്നത് എന്തിനാണ്? അതിനൊക്കെ ഒത്തിരി സമയം എടുക്കില്ലേ?"

തൊട്ടടുത്തിരുന്ന അച്ചായൻ മറുപടി പറയുന്നത് കേട്ടു: "അതങ്ങനെയല്ല, കേട്ടോ. കുഞ്ഞുങ്ങളെ എന്നു വിളിച്ചത് കല്യാണച്ചെറുക്കനേയും പെണ്ണിനേയുമാണ് കേട്ടോ.. അതിപ്പോൾ കല്യാണം കഴിക്കുന്ന പുരുഷന് 60 വയസ്സും പെണ്ണിന് 55 വയസ്സും ആണെങ്കിലും കല്യാണവേദിയിൽ ഞങ്ങള് അവരെ കുഞ്ഞുങ്ങൾ എന്നേ പറയൂ, കേട്ടോ.."

"കേട്ടു" എന്നു പറഞ്ഞ് ഹരിനാരായണൻ മിണ്ടാതിരുന്നു. "ഓരോരോ രീതികള്..." എന്നു പിറുപിറുക്കുകയും ചെയ്തു.

ശുശ്രൂഷകൻ സ്റ്റേജിൽനിന്ന് പറയുന്നത് വ്യക്തമായി കേൾക്കാൻ കഴിയുന്നുണ്ടായിരുന്നു.

"നമ്മുടെ ഇന്നത്തെ പ്രതിശ്രുത വരൻ അജീഷ് ഹൈന്ദവപശ്ചാത്തലത്തിൽനിന്നും രക്ഷയിലേക്ക് ഏകനായി വന്നവനാണ്. ആ കുഞ്ഞ് തന്റെ ഭവനത്തിൽനിന്നും..." അപ്പോഴേക്കും മൂപ്പന്റെ തൊണ്ടയിൽ ഒരു കിച്ച്കിച്ച്.. തൊണ്ട ഇടറിക്കൊണ്ട് മൂപ്പൻ പറഞ്ഞു: "തന്റെ ഭവനത്തിൽനിന്നും ആ കുഞ്ഞ് ഏകനായി പുറപ്പെട്ടുവന്നു"

സദസ്സിലിരുന്ന തൊണ്ണൂറു കഴിഞ്ഞ ഒരു അപ്പച്ചൻ ഇത്രയും കേട്ടതോടെ കയ്യുയർത്തി "സ്തോത്രം" പറഞ്ഞു.

ശുശ്രൂഷകൻ തുടർന്നു: "ഞാൻ ഒരു ദിവസം സുവിശേഷവുമായി വാത്സല്യകുഞ്ഞിന്റെ വാത്സല്യഭവനത്തിൽ കടന്നുപോകുവാൻ ഇടയായതായ വേളയിൽ, സുവിശേഷം കേട്ട് ഈ വാത്സല്യകുഞ്ഞ് കർത്താവിനെ രക്ഷിതാവായി ഏറ്റുപറഞ്ഞ് സ്വീകരിച്ച് രക്ഷിക്കപ്പെട്ടു. തുടർന്ന് എനിക്ക് പെട്ടെന്ന് സ്നാനപ്പെടണം എന്ന് പറഞ്ഞ് സ്നാനപ്പെടുകയും ചെയ്തു. തന്റെ വാത്സല്യഭവനത്തിൽനിന്ന് ഏകനായി രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട് വന്നതായിരിക്കുന്നതായ ഈ കുഞ്ഞിനെ ഓർത്ത് ഞാൻ എന്റെ കർത്താവിന്

കോടാനുകോടി സ്തോത്രം ചെയ്യുകയാണ്...”

ഇത്രയും കേട്ടപ്പോഴേക്കും സദസ്സിലിരുന്നിരുന്ന, റിയൽ ലൈഫ് വോയ്സ് എന്ന മാസികയുടെ എഡിറ്റർ എന്നും പറഞ്ഞ് നടക്കുന്ന സെബാസ്റ്റ്യൻസഹോദരൻ അടുത്തിരുന്ന സുവിശേഷകനെ നോക്കി ഇങ്ങനെ പറഞ്ഞു:

“രക്ഷിക്കപ്പെട്ടുസ്നാനപ്പെട്ടു എന്നു പറയുന്ന രീതി തെറ്റാണ്. അങ്ങനെയൊരു പ്രയോഗം ബൈബിളിലില്ല. വിശ്വസിച്ചുസ്നാനപ്പെട്ടു എന്നേയുള്ളൂ”

ഇതുകേട്ടതോടുകൂടി ആ സുവിശേഷകൻ ക്ഷുഭിതനായി പറഞ്ഞു: “ഉപദേശവിഷയങ്ങള് ചർച്ച ചെയ്യാനല്ല നമ്മളിവിടെ വന്നിരിക്കുന്നത്”

എഡിറ്റർ ഇളിഞ്ഞ മോന്തയും വളിഞ്ഞ ചിരിയുമായി സ്റ്റേജിലേക്ക് നോക്കിയിരുന്നു.

അപ്പോഴാണ് പുറകിലിരുന്ന ഒരു സഹോദരൻ എഡിറ്ററോട് ഇങ്ങനെ പറഞ്ഞത്: “ബ്രദറേ, ബ്രദറ് പറഞ്ഞത് വളരെ ശരിയാണ്. രക്ഷിക്കപ്പെട്ടുസ്നാനപ്പെടുക എന്നു ബൈബിളിൽ ഇല്ല. വിശ്വസിച്ച് സ്നാനപ്പെടുക എന്നേയുള്ളൂ”

എഡിറ്ററുടെ മുഖത്തെ ഇളിഞ്ഞ ഭാവം മാറി, മുഖത്ത് ആശ്വാസത്തിന്റെയും അഭിമാനത്തിന്റെയും പുഞ്ചിരി വിടർന്നു വ്യാപിച്ചു.

സ്റ്റേജിൽ കല്യാണശുശ്രൂഷകൾ പുരോഗമിക്കുന്നു. മനുഷ്യൻ ഏകനായിരിക്കുന്നത് നന്നല്ല. ഞാൻ അവന് തക്കതുണയെ ഉണ്ടാക്കിക്കൊടുക്കും... ഭർത്താവ് ഭാര്യയ്ക്ക് തലയായിരിക്കണം... പോറ്റിപ്പുലർത്തണം...

രണ്ടരമണിക്കൂർ കഴിഞ്ഞിരിക്കുന്നു. ഇനി ആശീർവാദമാണ്. അത് പെട്ടെന്നു തീരുമെന്നു കരുതിയവർക്ക് തെറ്റി. മൈലുകൾ നീളമുള്ള ആശീർവാദമായിരുന്നു അത്.

**“തന്റെ മടിയിലിരുന്ന ഏകജാതനായ പുത്രനെ തകർത്തുകളയാൻ പ്രസാദിച്ച പിതാവാം ദൈവത്തിന്റെ സ്നേഹവും...”**

ഓ! ഈ ആശീർവാദം പെട്ടെന്നൊന്നും തീരുന്ന മട്ടില്ല എന്നു എഡിറ്റർ പിറുപിറുത്തു.

**“...ഞങ്ങൾക്കുവേണ്ടി കാൽവരിക്രൂശിൽ ചങ്കിലെ ചോര ചിന്തി ഞങ്ങളെ പാപത്തിന്റെ അധീനതയിൽനിന്നും സംഹാരദൂതന്റെ പിടിയിൽനിന്നും രക്ഷിച്ചതായ പുത്രനാം ദൈവത്തിന്റെ കൃപയും...”**

“ഹെന്റെ കർത്താവേ” എഡിറ്റർ നെടുവീർപ്പിട്ടു.

**“...ആശ്വസിപ്പിക്കുന്ന പരിശുദ്ധാത്മാവാം ദൈവത്തിന്റെ സഹവാസവും നടത്തിപ്പും കാവലും കരുതലും, കൂട്ടായ്മയും...”**

ഓ! തീരാറായി.. എഡിറ്റർ ആശ്വസിച്ചു.

**“...ഈ വാത്സല്യകുഞ്ഞുങ്ങളുടെ മേലും അവരുടെ വാത്സല്യ മാതാപിതാക്കളുടെ മേലും ഇവിടെ ഇന്ന് കൂടിവന്ന എല്ലാവരുടെ മേലും കൂടിവരാൻ ആഗ്രഹിച്ച് വരാൻ കഴിയാത്തവരുടെ മേലും, ലോകമെ**

**ന്മാടുമുള്ള സകല വിശുദ്ധന്മാരുടെ മേലും..."**

എഡിറ്റർ തല ചൊറിഞ്ഞു.

**"...ഇപ്പോഴും എപ്പോഴും നമ്മുടെ പ്രത്യാശയായ കർത്താവിന്റെ വീണ്ടും വരവ് വരെയും ഉണ്ടായിരി..."**

ബാക്കി എഡിറ്റർ മനസ്സിൽ പറഞ്ഞു... "ഉണ്ടായിരിക്കുമാറാകട്ടെ"

പക്ഷേ കണക്കുകൂട്ടൽ തെറ്റിച്ച് ആശീർവാദം പിന്നെയും നീണ്ടു.

**"ഉണ്ടായിരിക്കുമാറാകട്ടേേേേേട്ടേ....."**

ഒരുപാട് നീളമുള്ള ആ "ട്ടേ" കേട്ടപ്പോൾ എഡിറ്റർക്ക് അരിശം ഒതുക്കാനായില്ല. അയാൾ അടുത്തിരുന്ന സുവിശേഷകനോട് പറഞ്ഞു:

"ബൈബിളിൽ ഇത്രയും നീളമുള്ള ആശീർവാദം നാം കാണുന്നില്ല. 2 കൊരിന്ത്യരിലെ അവസാനവാക്യം നോക്കുക: **കർത്താവായ യേശുക്രിസ്തുവിന്റെ കൃപയും ദൈവത്തിന്റെ സ്നേഹവും പരിശുദ്ധാത്മാവിന്റെ കൂട്ടായ്മയും നിങ്ങളെല്ലാവരോടുകൂടെ ഇരിക്കുമാറാകട്ടെ."**

"ഇതാണ് ആശീർവാദം. ഈ ലളിതമായ ആശീർവാദമാണ് ഇങ്ങനെ കെറെയിലുപോലെ നീട്ടിപ്പറഞ്ഞത്. മൈക്കിൽനിന്ന് പിടുത്തം വിടാനുള്ള മടി കാരണമാണ് ആശീർവാദം ഇങ്ങനെ നീണ്ടുപോകുന്നത്"

എഡിറ്റർ പറഞ്ഞത് കേട്ട് സുവിശേഷകൻ ഒന്നും മിണ്ടാതിരുന്നു. പുറകിലിരുന്ന ആളെ എഡിറ്റർ നോക്കിയപ്പോൾ അദ്ദേഹം തന്റെ വലതു കയ്യുടെ പെരുവിരൽ ഉയർത്തിക്കാണിച്ചു. അദ്ദേഹത്തിന്റെ മുഖം നിറയെ പുഞ്ചിരിയുമുണ്ടായിരുന്നു.

oooooooooooooooooo

അജീഷും റോസും ഒന്നായിരിക്കുന്നു. റൂമിൽ അവർ മാത്രമായപ്പോൾ "ഏകനായി വന്നവൻ" എന്നു പറഞ്ഞ് റോസ് അജീഷിനെ കളിയാക്കി.

"നീ പറഞ്ഞിട്ടല്ലേ ഈ നാടകമെല്ലാം നമ്മള് കളിച്ചത്" ചിരിച്ചുകൊണ്ട് അജീഷ് ഇങ്ങനെ പറഞ്ഞപ്പോൾ റോസിന്റെ മുഖത്ത് വിജയഭാവം.

"നമ്മുടെ പ്രേമം സാക്ഷാത്കരിക്കാൻ ഇതേ വഴിയുണ്ടായിരുന്നുള്ളൂ. ഞാൻ കൈമടക്ക് കൊടുത്തുവിട്ട സുവിശേഷകൻ അജീഷിന്റെ വീട്ടിൽ വന്ന് അജീഷിനെ രക്ഷിക്കപ്പെടുത്തിയില്ലേ?"

"തുടർന്ന് അധികം വൈകാതെ തന്നെ സ്നാനപ്പെടുത്തിയില്ലേ? അതിനും ഞാൻ അങ്ങേർക്ക് കൈമടക്ക് കൊടുത്തിരുന്നു. അല്ലെങ്കിൽ സ്നാനം ഇപ്പോഴൊന്നും നടക്കില്ല. അടുത്ത കൺവൻഷൻ ആകുന്ന വരെ കാത്തിരിക്കണം. അതുവരെ കാത്തിരിക്കാനൊന്നും നമുക്ക് പറ്റില്ലല്ലോ.."

അവളുടെ മുഖത്ത് ലജ്ജകൊണ്ടുള്ള ചുവപ്പ്നിറം പരന്നു.

"കൈമടക്ക് വാങ്ങി ഇങ്ങനെയൊക്കെ ചെയ്യുന്ന ഫ്രോഡുകൾ നിങ്ങളുടെ ഇടയിൽ ഉണ്ടായത് എന്റെ ഭാഗ്യം" എന്നു പറഞ്ഞ് അജീഷ് വായ് പൊത്തി ചിരിച്ചു. അപ്പോഴേക്കും ഭൂമിയിൽ ഇരുട്ടിന്റെ കനം കൂടിയിരുന്നു.

# സമൂഹത്തിലെ ദുരന്തക്കാഴ്ചകൾ 64

-എംവിഎസ്-

## അക്രമപാലകർ!

### (പക്ഷേ നിയമപാലകർ എന്നാണ് അറിയപ്പെടുന്നത്!)

നിയമപാലകൻ... എന്നു വച്ചാൽ നിയമം നടപ്പിലാക്കുന്നവൻ എന്നർത്ഥം. അയാൾ അക്രമം നടത്തി അഴിഞ്ഞാടിയാലോ? അതും വയോധിക ഉൾപ്പെടെയുള്ള കുടുംബാംഗങ്ങളോട്! പോരാഞ്ഞിട്ട്, മദ്യലഹരിയിലും! പാതിരാത്രി മുണ്ടും ഷർട്ടും ഇട്ട്, മൂക്കറ്റം മദ്യപിച്ച്, സ്റ്റേഷനിലേക്ക് വന്ന് ഇൻസ്പെക്ടറുടെ ഗുണ്ടാവിളയാട്ടം! സുബോധമുള്ള മറ്റു പോലീസുകാർ (വനിതാപോലീസ് ഉൾപ്പെടെ) ആ അക്രമിയായ മേലുദ്യോഗസ്ഥനെ തടയാനായി ശ്രമിക്കുന്നുണ്ടായിരുന്നു. അവർക്ക് എന്റെ അഭിനന്ദനങ്ങൾ!

നമ്മുടെ മുഖ്യമന്ത്രിയുടെ മണ്ഡലമായ ധർമ്മടം പോലീസ്സ്റ്റേഷനിലാണ് ഈ ക്രൂരത അരങ്ങേറിയത്. മദ്യപിച്ച് വാഹനമോടിച്ചു എന്നാരോപിച്ച് ഒരാളെ കസ്റ്റഡിയിലെടുക്കുന്നു... അയാളെ അന്വേഷിച്ചെത്തിയ അയാളുടെ അമ്മ, സഹോദരൻ, സഹോദരി, സഹോദരീപുത്രൻ എന്നിവരോട് ഇൻസ്പെക്ടർ ക്രൂരമായി പെരുമാറുന്നു... ഇതിലെ തമാശ മറ്റൊന്നാണ്. അതായത്, മദ്യപിച്ച് വാഹനമോടിച്ചു എന്നാരോപിച്ച് കസ്റ്റഡിയിലെടുത്ത ആളെ അന്വേഷിച്ച് കുടുംബാംഗങ്ങൾ വന്നു എന്നറിഞ്ഞപ്പോൾ നമ്മുടെ പോലീസേമ്മാൻ വന്നത് മദ്യലഹരിയിൽ! ഇതിന്റെയെല്ലാം വീഡിയോ എടുത്ത സുഹൃത്തിന് എന്റെ അഭിനന്ദനങ്ങൾ! വീഡിയോയിൽ ഏമാൻ ശരിക്കും ഏമാനായി ജീവിക്കുകയായിരുന്നു.

നിയമപാലകനായ ഇൻസ്പെക്ടറെ ഏതായാലും സസ്പെൻഡ് ചെയ്തു. അദ്ദേഹത്തിന്റെ കീഴുദ്യോഗസ്ഥനായ ധർമ്മടം എസ്ഐ ആണത്രേ കേസ് അന്വേഷിക്കുന്നത്. മേലുദ്യോഗസ്ഥന്റെ തെറ്റുകളെക്കുറിച്ച് കീഴുദ്യോഗസ്ഥൻ അന്വേഷിച്ചാൽ എന്താവോ, എന്തോ!

നമുക്ക് പത്രവാർത്ത നോക്കാം:

> മുഖ്യമന്ത്രിയുടെ മണ്ഡലത്തിൽപെട്ട ധർമ്മടം പോലീസ്സ്റ്റേഷനിൽ വയോധിക ഉൾപ്പെടെയുള്ള കുടുംബാംഗങ്ങളെ വിഷുദിവസം ക്രൂരമായി മർദ്ദിച്ച ധർമ്മടം ഇൻസ്പെക്ടർ കെ. വി. സ്മി

തേഷിനെതിരെ ധർമ്മടം പോലീസ് കേസെടുത്തു. അന്യായമായി തടഞ്ഞുവയ്ക്കൽ, മനഃപൂർവ്വം പരിക്കേൽപ്പിക്കൽ, അപകടകരമായ ആയുധം കൊണ്ട് ബോധപൂർവ്വമായി മുറിവേൽപ്പിക്കൽ, മുതലുകൾ നശിപ്പിക്കുക എന്നീ കുറ്റങ്ങൾ ആരോപിച്ചാണ് കേസ്.

ഇൻസ്പെക്ടർ മദ്യലഹരിയിലായിരുന്നുവെന്നും മോശമായ പെരുമാറ്റമാണുണ്ടായതെന്നും സിറ്റി പോലീസ് കമ്മീഷണർ അജിത്കുമാർ തന്നെ തുറന്നുപറഞ്ഞിട്ടുണ്ട്. *(2023 ഏപ്രിൽ 18 ലെ പത്രവാർത്ത)*

അന്നത്തെ പത്രത്തിൽ തന്നെ മറ്റൊരു പോലീസേമാൻ നടത്തിയ ഗുണ്ടാവിളയാട്ടത്തിന്റെ കഥ കൂടിയുണ്ടായിരുന്നു. ആ വാർത്ത കൂടി നമുക്ക് നോക്കാം:


യുവാവിന് മർദ്ദനമേറ്റ സംഭവത്തിൽ എറണാകുളം നോർത്ത് പോലീസ് ഇൻസ്പെക്ടർ പ്രതാപ് ചന്ദ്രനെതിരെ വകുപ്പുതല അച്ചടക്ക നടപടി. ഉദ്യോഗസ്ഥന്റെ സർവ്വീസ്ബുക്കിൽ നടപടി വിവരം രേഖപ്പെടുത്തും.

നോർത്ത് പാലത്തിനു സമീപം ഇരിക്കുകയായിരുന്ന യുവാവിനെ കാക്കനാട് വീടുള്ളവൻ എന്തിനാണ് ഇവിടെ ഇരിക്കുന്നത് എന്നു ചോദിച്ച് ഇൻസ്പെക്ടർ ലാത്തികൊണ്ട് കാലിലും തുടർന്ന് കൈകൊണ്ട് 4 തവണ മുഖത്തും അടിച്ചെന്നാണ് പരാതി. സ്റ്റേഷനിലെത്തിച്ച യുവാവ് തലകറങ്ങി വീണു. തുടർന്ന് ആശുപത്രിയിൽ എത്തിച്ച് പ്രാഥമിക ചികിത്സ നൽകിയ ശേഷം തിരികെ വീണ്ടും സ്റ്റേഷനിലെത്തിച്ചു.

കൊള്ളാം, കൊള്ളാം. നിയമപാലകരായ ഏമാന്മാരെല്ലാം കള്ള്കുടിയന്മാർ ഉടുമുണ്ട് അഴിച്ച് കളയുന്നതുപോലെ നിയമത്തെ വലിച്ചെറിഞ്ഞാൽ എന്താവും സ്ഥിതി! ഏമാന്മാർക്ക് ശമ്പളം കൊടുക്കുന്നത് നമ്മുടെയെല്ലാം കൈയിൽനിന്ന് നികുതിയും പിഴയും വാങ്ങിയിട്ടാണ്. എന്നിട്ട് സാധാരണക്കാരന്റെ നെഞ്ചത്ത് ചവിട്ടാൻ ഏമാന്റെ കാൽ പൊങ്ങുന്നു; മുഖത്ത് അടിക്കാൻ കൈ പൊങ്ങുന്നു! തെറി പറയലും ഭീഷണിപ്പെടുത്തലും വേറെ.

അവനവൻ ചെയ്യുന്ന ജോലിയുടെ വിലയും മഹത്വവും പോലീസുകാർ മനസ്സിലാക്കിയാലേ ഇതിനെല്ലാം പരിഹാരമുണ്ടാകൂ. അല്ലാത്തിടത്തോളം കാലം ഇതുപോലുള്ള ദുരന്തക്കാഴ്ചകൾ തുടരും.

## പണ്ടത്തെ ക്ഷണക്കത്ത്!



കാലം മാറി. കോലവും മാറി. മാറ്റങ്ങൾ അനിവാര്യമാണ്. എങ്കിലും പണ്ട് എങ്ങനെയായിരുന്നു എന്നു ചിന്തിക്കുന്നതുകൊണ്ട്, ഇന്ന് നാം എന്തുമാത്രം സമൃദ്ധിയിലാണ് കഴിയുന്നത് എന്നു മനസ്സിലാക്കാൻ കഴിയും.

1946 ൽ നടന്ന രണ്ടു കല്യാണങ്ങൾക്കുള്ള ക്ഷണക്കത്ത് ആണ് ഇവിടെ കൊടുത്തിരിക്കുന്നത്. ഒരാളുടെ മകന്റെയും മകളുടെയും കല്യാണങ്ങൾ ഒരേ ദിവസം തന്നെ നടത്തുന്നതായി അറിയിച്ചുകൊണ്ടുള്ള ക്ഷണപ്പത്രം ആണിത് (*ക്ഷണനപത്രം* എന്ന് തെറ്റായി കൊടുത്തതാണ്).

ഈ ക്ഷണക്കത്തിന്റെ ചുവട്ടിൽ അടിക്കുറിപ്പായി കൊടുത്തിരിക്കുന്ന വാചകം ശ്രദ്ധിക്കുക: *നിങ്ങളുടെ ഒരു ദിവസത്തെ റേഷൻഅരി എത്തിച്ചു തരുവാൻ വിനയപൂർവ്വം അപേക്ഷിച്ചുകൊള്ളുന്നു.* ധാരാളിത്തത്തിന്റെയും ധൂർത്തിന്റെയും പ്രദർശനമായി മാറിയ ഇക്കാലത്തെ വിവാഹക്കാഴ്ചകളിൽനിന്നും എത്ര വിഭിന്നമാണ് ഈ ക്ഷണക്കത്തിലെ പ്രത്യേകമായി കൊടുത്തിരിക്കുന്ന അഭ്യർത്ഥന എന്നു കാണുക. പട്ടിണിയുടെ ഒരു കാലത്തിൽനിന്ന് ഇത്രയും സമൃദ്ധമായ മറ്റൊരു കാലത്തേക്ക് ദൈവം നമ്മെ എത്തിച്ചത് ഓർത്ത് നാം ദൈവമുമ്പാകെ നന്ദിയുള്ളവരാകേണ്ടതുണ്ട്.

കഷ്ടപ്പാടിന്റെയും ബുദ്ധിമുട്ടുകളുടെയും കാലത്തെക്കുറിച്ച് അറിവില്ലാത്ത ഒരു തലമുറയാണ് ഇന്നുള്ളത്. കടമെടുത്തായാലും വിരോധമില്ല, കട്ടെടുത്തായാലും വിരോധമില്ല, എനിക്ക് ആർഭാടജീവിതം നയിച്ചാൽ മതി

എന്നു ചിന്തിക്കുന്നവരുടെ തലമുറയാണിത്. ബന്ധങ്ങളുടെ വിലയറിയാത്ത, സ്വാർത്ഥത മാത്രം കൈമുതലായുള്ള അധമന്മാരുടെ തലമുറ എന്നും വിളിക്കാം. ഫോക്കസ് ചെയ്യുന്നത് പണത്തിൽ മാത്രം. എനിക്കു പണമുണ്ടാക്കണം എന്ന ഒറ്റ ചിന്ത! ആ ചിന്തയുടെ മുന്നിൽ വീട്ടുകാരില്ല, ബന്ധുക്കളില്ല, സഭാബന്ധങ്ങളില്ല, ന്യായചിന്തകളില്ല... പണമുണ്ടാക്കുന്നതോ, ആർഭാടജീവിതം നയിക്കാനും!

വീട്ടിലൊരു കല്യാണം വന്നാൽ ഏതൊക്കെ രീതിയിൽ പൊങ്ങച്ചം പ്രദർശിപ്പിക്കാം എന്നു ചിന്തിച്ച് ലക്ഷങ്ങൾ വാരിയെറിഞ്ഞ് നടത്തുന്ന കല്യാണം. നല്ലൊരു സദ്യ കൊടുക്കുന്നതിനെ നമുക്ക് ന്യായീകരിക്കാമെങ്കിലും ബാക്കിയുള്ള പലതും വെറും ധൂർത്ത് മാത്രമാണ്. ലക്ഷങ്ങൾ പൊടിച്ചുകൊണ്ട് നടത്തുന്ന കല്യാണത്തിൽ ദൈവത്തിനും ദൈവവചനത്തിനും ദൈവമക്കൾക്കും ഉള്ള സ്ഥാനം വിദൂരത്ത് മാത്രമാണ്. വീഡിയോക്കാരുടെയാണ് പ്രധാനമായ ഭരണം. എങ്ങനെ ശുശ്രൂഷ നടത്തണമെന്നും എപ്പോൾ ശുശ്രൂഷ തുടങ്ങണമെന്നും അവർ തീരുമാനിക്കും. വെറുതെയല്ല, കൊട്ടിഘോഷിച്ച് തുടങ്ങുന്ന പല വിവാഹങ്ങളും എട്ടു നിലയിൽ പൊട്ടുന്നത്.

റേഷനരി കൊണ്ടുവരാനുള്ള അപേക്ഷ അടങ്ങിയ വിവാഹക്ഷണപ്പത്രം ഇറങ്ങിയ ഒരു കാലം നമ്മുടെ നാട്ടിലുണ്ടായിരുന്നു എന്നു മറക്കാതിരിക്കുക. ദൈവം തന്ന നന്മകൾക്ക് നന്ദിയുള്ളവരാകുക.



**വരവിചാരം** **ജെയ്മോഹൻ അതിരുങ്കൽ**

## www.reallifevoice.in

1. വിശ്വാസവും സ്നാനവും: ഒന്നാം നൂറ്റാണ്ടിൽ എങ്ങനെയായിരുന്നു?
2. മൂപ്പൻ
3. ആഭരണധാരണം
4. സഭ
5. പരിശുദ്ധാത്മാവ്
6. യോവേൽ (പുസ്തകപഠനം)
7. ഓബദ്യാവ് (പുസ്തകപഠനം)
8. മീഖാ (പുസ്തകപഠനം)
9. കുടുംബജീവിതം
10. മൂലഭാഷകളുടെ സൗന്ദര്യം
11. ചോദ്യവും ഉത്തരവും
12. തലമുറകൾ
13. മഹാകവി കെ. വി. സൈമൺ
14. തൃശ്ശൂരിലെ താരപ്പേട്ടൻ അഥവാ സി. വി. താരപ്പൻ
15. തിരുവട്ടാർ കൃഷ്ണൻകുട്ടി: പ്രസംഗപീഠത്തിലെ ബാലസിംഹം
16. സൺഡേസ്കൂൾ പാഠങ്ങൾ (ഭാഗം 1)
17. ഖുർആൻഃ ആത്മാർത്ഥതയില്ലാത്ത അവകാശവാദങ്ങൾ
18. ഇമ്മാനുവിന്റെ സംശയങ്ങൾ
19. ചിന്തകൾ പന്തങ്ങളാകുമ്പോൾ (എന്റെ ഡയറിക്കുറിപ്പുകൾ)
20. സത്യം തേടി...
21. പുതിയനിയമത്തിലൂടെ യാത്ര ചെയ്യുമ്പോൾ...
22. Faith and Baptism:
How Was It Taught and Practiced in the First Century?

**ഈ പുസ്തകങ്ങൾ ആവശ്യമുള്ളവർക്ക് വെബ്സൈറ്റിൽനിന്നു നേരിട്ട് അവ download ചെയ്യാവുന്നതാണ്. അല്ലെങ്കിൽ നിങ്ങളുടെ വാട്സാപ് നമ്പറിൽ ആവശ്യപ്പെടുക. അപ്പോൾ ആവശ്യമുള്ള പുസ്തകങ്ങളുടെ pdf ആ വാട്സാപ് നമ്പറിലേക്ക് ഞങ്ങൾ അയച്ചുതരുന്നതാണ്.**

REGISTERED
RNI No. KERMAL/2012/54719
Postal Reg. No. KL/TCR/51/2023-25
Licence No. KL/CR/TCR/WPP-01/2023-25
Licensed to Post Without Prepayment.

Published on
17th May 2023

Posted at
Thrissur RMS

**ആനുകാലികം**

## ജീവൻ കവർന്ന മൊബൈൽ!

മൊബൈൽകൊണ്ട് അനേകം ഗുണങ്ങളുണ്ടെങ്കിലും അത് അനേകരുടെ ജീവിതങ്ങളെ തകിടം മറിച്ചിട്ടുണ്ട് എന്നത് വാസ്തവമാണ്. എന്നാൽ ജീവിതങ്ങളെ തകർക്കുക മാത്രമല്ല ജീവൻവരെ കവരാനുള്ള കഴിവും മൊബൈൽഫോണിനുണ്ട് എന്ന കാര്യം പലർക്കും അറിഞ്ഞുകൂടെന്നു തോന്നുന്നു. മൊബൈൽഫോൺ പൊട്ടിത്തെറിച്ച് തിരുവില്വാമലയിൽ ഒരു ബാലിക മരിച്ച ദുരന്തവാർത്ത 2023 ഏപ്രിൽ 26 ലെ പത്രങ്ങൾ റിപ്പോർട്ട് ചെയ്തിരുന്നു. അച്ഛനമ്മമാരുടെ ഏകമകളായിരുന്നു ആ എട്ടുവയസ്സുകാരി. പത്രവാർത്ത നോക്കാം:

> മുഖവും ഫോൺ പിടിച്ചതെന്നു കരുതുന്ന വലതുകയ്യും തകർന്നു. ഡിസ്പ്ലേ പൊട്ടുകയും ബാറ്ററിയുടെ ഭാഗം വീർക്കുകയും ചെയ്ത തരത്തിലാണ് ഫോൺ കണ്ടെത്തിയത്. ഫോൺ പൂർണ്ണമായും തകർന്നിട്ടില്ല. ബാറ്ററിയാണ് പൊട്ടിത്തെറിച്ചതെന്ന് (കെമിക്കൽ ബ്ലാസ്റ്റ്) പോലീസ് പറഞ്ഞു. ബാറ്ററിക്കുള്ളിലെ ജെൽ, ചൂടുനിമിത്തം ഗ്യാസ്‌രൂപത്തിലായി മാറി ഫോണിന്റെ സ്ക്രീനിൽ ചെറിയ സുഷിരമുണ്ടാക്കി ചീറ്റിത്തെറിച്ചതാകാം ദുരന്തകാരണമെന്നാണ് ഫോറൻസിക് ഉദ്യോഗസ്ഥരുടെ നിഗമനം.... മരണകാരണം തലയിലേറ്റ ഗുരുതരമായ പരിക്കാണെന്നു പോസ്റ്റ്മോർട്ടത്തിൽ സ്ഥിരീകരിച്ചു. ഇതിനെത്തുടർന്നുണ്ടായ രക്തസ്രാവമാണ് മരണകാരണമെന്നാണ് കണ്ടെത്തൽ.

❍

Printed, published and owned by Sebastian M.V. Printed at Chirayath Printers, Mannuthy P.O., Thrissur, Kerala-680 651. Published at Real Life, Mamparampil House, Kottekad, Kuttur P.O., Thrissur - 680 013. **Editor:** Sebastian M.V